## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 4412 | 13.11.2019-ൽ മറുപടിക്ക്

## കാസർഗോഡ് ജില്ലയിലെ പട്ടികവർഗ വിഭാഗക്കാർക്ക് ഭൂമി നൽകുന്ന പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ : | | എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | സംസ്ഥാനത്ത് ഭൂരഹിത പട്ടികവർഗ വിഭാഗക്കാർക്കായി ഭൂമി വാങ്ങി നൽകുന്ന പദ്ധതി കാസർഗോഡ് ജില്ലയിൽ നടപ്പാക്കുന്നതിനായി ഭൂമി കണ്ടെത്തി യിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | എ) | സംസ്ഥാനത്ത് ഭൂരഹിത പട്ടികവർഗ്ഗ വിഭാഗ ക്കാർക്കായി ഭൂമി വാങ്ങി നൽകുന്ന പദ്ധതി കാസർഗോഡ് ജില്ലയിൽ നടപ്പിലാക്കുന്നതിനായി ഭൂമി കണ്ടെത്തിയിട്ടുണ്ട്. ഭൂമി വിലയ്ക്ക് വാങ്ങി നൽകുന്ന ലാന്റ് ബാങ്ക് പദ്ധതിയിൽ വിൽപ്പനക്കാരിൽ നിന്നും അപേക്ഷകൾ ക്ഷണിച്ച് കണ്ടെത്തിയ 242 പേരുടെ 621 ഏക്കർ ഭൂമിയിൽ പഞ്ചായത്ത് തല കമ്മിറ്റി, ഫീൽഡ്തല കമ്മിറ്റി, ജില്ലാതല കമ്മിറ്റി പരിശോധിച്ച് അനുയോജ്യമെന്ന് കണ്ടെത്തിയ 48 പേരുടെ ഭൂമിയുടെ വിലനിർണ്ണയ യോഗം ചേർന്നതിൽ നിശ്ചയിച്ച വിലയ്ക്ക് വിൽപ്പനയ്ക്ക് തയ്യാറായ എട്ട് പേരിൽ നിന്നും 18.86 ഏക്കർ ഭൂമി വിലയ്ക്ക് വാങ്ങുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആയതിൽ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. |
| ബി) | ജില്ലയിൽ ഭൂമി വിട്ടു നൽകുന്നതിനായി ഏതെങ്കിലും സ്ഥലം ഉടമകൾ അപേക്ഷ നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | ബി) | കാസർഗോഡ് ജില്ലയിൽ ഭൂമി വിട്ടു നൽകുന്നതിനായി 242 സ്ഥലം ഉടമകൾ അപേക്ഷ നൽകിയിരുന്നു. അനുയോജ്യമായ ഭൂമിയാണെന്ന് കണ്ടെത്തുന്നതിന് ഫീൽഡ്തല പരിശോധനാ നടപടികൾ സ്വീകരിച്ച ശേഷം 48 പേരുടെ 124 ഏക്കർ ഭൂമി അനുയോജ്യ മെന്ന് കണ്ടെത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി) | സ്വകാര്യ വ്യക്തികളിൽ നിന്ന് ഈ പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി ക്രമങ്ങൾ എന്താണെന്ന് വിശദമാക്കാമോ? | സി) | പട്ടികവർഗ്ഗക്കാരുടെ ഭൂമി നൽകുന്നതിനായി ലാന്റ് ബാങ്ക് പദ്ധതിയിൽ ഉൾപ്പെടുത്തി ഭൂമി വിൽക്കുന്നതിന് പത്ര, ദൃശ്യ മാധ്യമങ്ങൾ വഴി ജില്ലാ കളക്ടർ അപേക്ഷ ക്ഷണിക്കുന്നു. ലഭിച്ച അപേക്ഷകൾ ബന്ധപ്പെട്ട ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ, വില്ലേജ് ഓഫീസർ, റേഞ്ച് ഓഫീസർ, പഞ്ചായത്ത് സെക്രട്ടറി എന്നിവരുൾപ്പെടുന്ന പഞ്ചായത്ത് തല, ഫീൽഡ്തല കമ്മിറ്റി പരിശോധന നടത്തി അനുയോജ്യമെന്ന് കണ്ടെത്തുന്ന ഭൂമി ജില്ലാ കളക്ടർ ഉൾപ്പെടുന്ന ജില്ലാതല കമ്മിറ്റിയ്ക്ക് സമർപ്പിക്കുന്നു. ടി കമ്മിറ്റി ഒരിക്കൽ കൂടി ഫീൽഡ് പരിശോധന നടത്തി അനുയോജ്യമായ സ്ഥലത്തിന്റെ വിലനിർണ്ണയം ജില്ലാ കളക്ടർ ചെയർമാനായുള്ള കമ്മിറ്റി മുഖേന നടത്തുകയും ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ SLEC യുടെ അംഗീകാരം വാങ്ങി ഭൂമി വാങ്ങി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതാണ് ടി പദ്ധതിയിലെ നടപടി ക്രമങ്ങൾ. |

സെക്ഷൻ ഓഫീസർ